LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ മണ്ഡലത്തിലെ വന്യമൃഗ ശല്യം

150(2186) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലിറങ്ങി കൃഷി-സ്വത്ത്-ആൾ നാശം വരുത്തുന്നതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായി, മൂത്തേടം, ചുങ്കത്തറ, അമരമ്പലം, എടക്കര, പോത്തുകൽ, വഴിക്കടവ് എന്നീ പഞ്ചായത്തുകളിലും നിലമ്പൂർ മുൻസിപ്പാലിറ്റിയിലുമാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലിറങ്ങുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ ജനവാസ മേഖലയിൽ വന്യമൃഗശല്യം സംബന്ധിച്ച് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; വന്യമൃഗങ്ങളുണ്ടാക്കിയ നാശനഷ്ടത്തിന്റെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

2016-17 മുതൽ 2020-2021 വരെ 589 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ജനവാസ മേഖലയിൽ വന്യമൃഗശല്യം സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകല്ല്, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി ധനാനുമതി നൽകിയ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് രണ്ട് വർഷമായിട്ടും ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇതുസംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ അവസ്ഥയും ടി ഫയൽ ഏത് കാര്യാലയത്തിലാണെന്നും ഇൻവാർഡ് രജിസ്റ്റർ പ്രകാരം ഈ ഫയൽ മേൽ കാര്യാലയത്തിൽ എന്നാണ് എത്തിയതെന്നും അറിയിക്കാമോ?

വഴിക്കടവ്, മൂത്തേടം, പോത്തുകൽ ഫോറസ്റ്റ് സ്റ്റേഷൻ (അമരമ്പലം), കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് Crash Guard Rope Fencing ചെയ്യുന്നതിന് 2 കോടി രൂപ വിലയിരുത്തിയിരുന്നു. എന്നാൽ ആയതിനായുള്ള ഫണ്ട് ലഭ്യമായിരുന്നില്ല. 22-7-2019-ൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ വന്യമൃഗശല്യം ഏറ്റവും രൂക്ഷമായ തമ്പാൻപൊട്ടി മുതൽ

LIBRARY ARCHIVES Kerala Legislative Assembly

ആനമറിവരെയുള്ള 5 കി.മീ. നീളം Crash Guard Rope Fencing നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പിന് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചു. ഇതിനുപുറമേ 3-8-2019-ൽ മൂത്തേടം ഗ്രാമപഞ്ചായത്തിൽ വന്യമൃഗശല്യം കൂടുതലുള്ള 1,2,3,4,5,6,7,8,9 വാർഡുകളിലെ വനാതിർത്തികളിൽ ഇടുക്കി ജില്ലയിലെ മാങ്കുളം മോഡൽ Crash Guard Rope Fencing സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മറ്റൊരു കത്തും ലഭിക്കുകയുണ്ടായി. ടി പദ്ധതിക്കാവശ്യമായ ഫണ്ട് ഇതുവരെയും ലഭ്യമായിട്ടില്ല. എന്നിരുന്നാലും അടങ്കൽ തയ്യാറാക്കി അംഗീകാരത്തിനായി നിലമ്പൂർ നോർത്ത് ഡിവിഷനിൽനിന്നും 22-6-2021-ന് പാലക്കാട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയിട്ടുണ്ട്. ഫെൻസ് നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള അടങ്കൽ തുക 4.785 കോടി രൂപയാണ്. ഫെൻസ് പ്രൊപ്പോസ് ചെയ്തിട്ടുള്ള വഴിക്കടവ് പഞ്ചായത്തിലെ ആനമറി മുതൽ തമ്പാൻപൊട്ടിവരെയുള്ള 5 കിലോമീറ്റർ ദൂരം മുഴുവനായി ഫെൻസ് ചെയ്താൽ മാത്രമേ ഇതുകൊണ്ടുള്ള പൂർണ്ണ ഉപയോഗം ലഭിക്കുകയുള്ളുയെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നിർവ്വഹിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; ടി പദ്ധതി വനംവകുപ്പ് ഉപേക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ ടി പദ്ധതി നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. ടി പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ശല്യം

151(2187) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവിശല്യംമൂലം വ്യാപകമായി കൃഷിനാശം സംഭവിച്ച മണ്ണാർക്കാട് മണ്ഡലത്തിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാന, കാട്ടുപന്നി എന്നിവയുടെ ആക്രമണംമൂലം തെങ്ങ്, വാഴ, കവുങ്ങ്, റബ്ബർ മുതലായ കൃഷികൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. കഴിഞ്ഞ 3 വർഷം മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണത്തിൽ നാശം സംഭവിച്ചതിന് ലഭിച്ച അപേക്ഷയുടെ കണക്കും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.